# വാഹന പരിശോധന കർശനമാക്കാൻ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ്

റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി വാഹന പരിശോധന കർശനമാക്കുവാൻ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ് നിർദ്ദേശം നൽകി.

മദ്യപിച്ചും അമിത വേഗതയിലും, അശ്രദ്ധമായും വാഹനം ഓടിക്കുന്നവർക്കെതിരെയും കർശന നടപടി ഉണ്ടാകും. മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനം ഓടിക്കുന്നവർക്കെതിരെ 279 ഐപിസി പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് മൊബൈൽ ഫോൺ ബന്തവസ്സിലെടുക്കും.

ജില്ലാതല ആക്സിഡൻറ് റിവ്യൂ മീറ്റിംഗിലാണ് ജില്ലാ പോലീസ് മേധാവി ഇക്കാര്യം അറിയിച്ചത്.